ഇവയ്ക്കുപുറമെ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡ് ആയ ശബരി വെളിച്ചെണ്ണയും വിൽപ്പന നടത്തുന്നുണ്ട്. ഇ-ടെണ്ടർ വഴി കോൺട്രാക്ട് ലഭിച്ചിട്ടുള്ള എസൈൻ ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനമാണ് ശബരി വെളിച്ചെണ്ണ ഇപ്പോൾ തയ്യാറാക്കി നൽകുന്നത്.

(ബി&സി) കേരളത്തിലെ സർക്കാർ ലാബുകളിലും മറ്റ് അംഗീകൃത ലാബുകളിലും പരിശോധന നടത്തിയതിൽ സപ്ലൈകോ മുഖേന വിൽപ്പന നടത്തുന്ന വെളിച്ചെണ്ണയിൽ പാരഫിൻ വാക്സ് കലർന്നതായി കണ്ടെത്തിയിട്ടില്ല.

സംസ്ഥാനത്തിന്റെ പ്രതിമാസ റേഷൻ വിഹിതം

247(3172) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രസർക്കാരിൽ നിന്നും പ്രതിമാസം സംസ്ഥാനത്തിന് ആകെ ലഭ്യമാകുന്ന റേഷനരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ ഇവയുടെ കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

കേന്ദ്ര സർക്കാരിൽ നിന്നും 2014 ഡിസംബർ മാസത്തിൽ ലഭ്യമാകുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു :

ഇനം	പ്രതിമാസം (മെ.ടൺ)
എ.പി.എൽ. അരി	59333.750
ബി.പി.എൽ.അരി	37953.125
എ.എ.വൈ.അരി	20855.000
എ.പി.എൽ. ഗോതമ്പ്	11777.000
ബി.പി.എൽ.ഗോതമ്പ്	6963.000
പഞ്ചസാര	4103.000
മണ്ണെണ്ണ	10016 കിലോ ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly